19207
29/11/16

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നോക്ക സമുദായ വികസനം- ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2016-17) – ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നമ്പർ.100/2016/പിസവിവ. തീയതി, തിരുവനന്തപുരം, **18.11.2016.**

==========================================================

പരാമർശം: 1) കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നുള്ള 27.04.2016-ാം തീയതിയിലെ 11014/01/2014-BC-1 നമ്പർ കത്ത്.

2) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 29.07.2016-ാം തീയതിയിലെ BCDD/A3/1735/2016 നമ്പർ കത്ത്.

**ഉത്തരവ്**

പോസ്റ്റ് മെട്രിക്കുലേഷൻ തലത്തിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുകയെന്ന ഉദ്ദേശത്തോടെയുള്ള പദ്ധതിയാണ് 'മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്' (100% കേന്ദ്രാവിഷ്കൃത പദ്ധതി) അഥവാ 'ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്'.

**2.** 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (2016-17) പദ്ധതിക്കായി 2225-03-277-96-34 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന ഗവൺമെന്റ് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പരാമർശം (1)-ലൂടെ സംസ്ഥാനത്തിന് കേന്ദ്രവിഹിതമായി ആകെ 23.15 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ പദ്ധതിയുടെ 2016-17 സാമ്പത്തിക വർഷത്തെ നടത്തിപ്പിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (2)-ലൂടെ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ Notional Allocation ആയി അനുവദിച്ച 23,15,00,000/- (ഇരുപത്തി മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തണമെന്ന നിബന്ധനയിൽ ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2016-17) നടപ്പിലാക്കാൻ ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. സ്നേഹലത**
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം,തിരുവനന്തപുരം.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം. തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് [WW3/129/2016-Fin.(No.296121)പ്രകാരം]
കരുതൽഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: -ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പിന്നോക്കസമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.ന്
പിന്നോക്ക സമുദായ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ.യ്ക്ക്.

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*